**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1537** **12.06.2019 ൽ മറുപടിയ്ക്ക്**

**കേരഗ്രാമ പദ്ധതി**

**ചോദ്യം**

**ശ്രീ.എം. രാജഗോപാലൻ**

ഉത്തരം

**ശ്രീ. വി.എസ്. സുനിൽ കുമാർ**
**(കൃഷി വകുപ്പ് മന്ത്രി)**

| | |
|---|---|
| എ) സംസ്ഥാനത്ത് എത്ര പഞ്ചായത്തുകളെ കേരഗ്രാമ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | എ) സംസ്ഥാനത്ത് 181 കേരഗ്രാമങ്ങൾ 258 പഞ്ചായത്തുകളിലായി നടപ്പിലാക്കിയിട്ടുണ്ട്. 2019-20 വർഷം 55 കേരഗ്രാമങ്ങൾ കൂടി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| ബി) പ്രസ്തുത പദ്ധതി പ്രകാരം ഓരോ കേരഗ്രാമത്തിനും എന്തെല്ലാം സഹായങ്ങളാണ് സർക്കാർ ഏർപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ? | ബി) തെങ്ങ് കൃഷിയുടെ അഭിവൃദ്ധിക്കായി സംയോജിത പരിചരണമുറകൾ, ജലസേചന സൗകര്യം മെച്ചപ്പെടുത്തൽ, ജൈവവള ഉൽപ്പാദനം, തെങ്ങ് കയറ്റയന്ത്രങ്ങളുടെ വിതരണം എന്നീ പദ്ധതികൾ നടപ്പിലാക്കുന്നു. സംയോജിത പരിചരണമുറകളുടെ ഭാഗമായി തടം തുറക്കൽ, കള നിയന്ത്രണം, പുതയിടീൽ, തൊണ്ട് കുഴിച്ചിടീൽ, മണ്ണ് പരിപോഷണ വസ്തുക്കൾ, ജൈവ രാസ വളങ്ങൾ, ജീവാണുവളങ്ങൾ എന്നിവയുടെ പ്രയോഗം, പ്രായാധിക്യം വന്ന് തെങ്ങ് മുറിച്ച് മാറ്റി മേൽത്തരം തെങ്ങിൻ തൈകൾ വച്ചുപിടിപ്പിക്കൽ, ഇടവിളകൃഷി എന്നിവ നടപ്പിലാക്കുന്നു. ഇതിന് പുറമേ സാധ്യമായ കേരഗ്രാമങ്ങളിൽ മിനി കയർ നിർമ്മാണ/സംസ്കരണ യൂണിറ്റുകൾ. കേരാധിഷ്ഠിത മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണ യൂണിറ്റുകൾ തുടങ്ങിയ സംരഭങ്ങളും പ്രോൽസാഹിപ്പിക്കുന്നു.<br>പദ്ധതി ഘടകങ്ങൾ ചുവടെ ചേർക്കുന്നു.<br>1. സംയോജിത പരിചരണ മുറകൾ സ്വീകരിക്കുന്നതിന് ഹെക്ടറിന് 25000/- രൂപ പ്രകാരം 250 ഹെക്ടറിന്(ഒരു കേരഗ്രാമത്തിന്) 62.50 ലക്ഷം രൂപ.<br>ഇതിൽതാഴെ പറയുന്ന ഘടകങ്ങൾ ഉൾപ്പെടുന്നു.<br>a). ഇടയിളക്കൽ. തടം തുറക്കൽ, പുതയിടീൽ - 35 രൂപ/തെങ്ങ്<br>(b). തൊണ്ട് കുഴിച്ചിടീൽ- 50 രൂപ/തെങ്ങ് |

(c). കുമ്മായം- 9 രൂപ/തെങ്ങ്
d). രാസവളം - 20 രൂപ/തെങ്ങ്
e). മഗ്നീഷ്യം സൾഫേറ്റ് - 3.75 രൂപ/തെങ്ങ്
f). ജൈവവളം - 25 രൂപ/തെങ്ങ്
g). സസ്യസംരക്ഷണം- 10 രൂപ/തെങ്ങ്
h).ജീവാണുവളങ്ങൾ, ജൈവീക നിയന്ത്രണോപാധികൾ പ്രയോഗിക്കുന്നതിന്- 75 രൂപ/തെങ്ങ്
i). രോഗംബാധിച്ചതും ഉൽപ്പാദന ശേഷി നശിച്ച തെങ്ങ് മുറിച്ചുമാറ്റുന്നതിന് -1000 രൂപ/തെങ്ങ്
J).ഗുണമേൻമയുള്ള തെങ്ങിൻ തൈകൾ നടുന്നതിന് - 60 രൂപ/തെങ്ങ്
k). ഇടവിള കൃഷി - 6000 രൂപ ഹെക്ടറിന്

2. സൂക്ഷ്മ ജലസേചന സൗകര്യമുൾപ്പെടെയുള്ള ജലസേചന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിന് ഹെക്ടറിന് 25000/- രൂപ ക്രമത്തിൽ പരമാവധി 5 ലക്ഷം രൂപ.
3. 61 തെങ്ങ് കയറ്റ യന്ത്രങ്ങൾ ഒരു യന്ത്രത്തിന് 2000/- രൂപ നിരക്കിൽ വിതരണം.
4. 8 ജൈവ വള ഉൽപ്പാദന യൂണിറ്റുകൾ, ഒരു യൂണിറ്റിന് 10,000/- രൂപ നിരക്കിൽ ആനുകൂല്യം.
5. പഞ്ചായത്തുതല കേര സമിതികൾക്കുള്ള പ്രവർത്തനചെലവായി 1 ലക്ഷം രൂപ.
6. മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ, മിനികയർ നിർമ്മാണ/ സംസ്കരണ യൂണിറ്റിന് 2 ലക്ഷം രൂപ.
7. കേര ഗ്രാമവുമായി ബന്ധപ്പെട്ടുള്ള കൃഷി ഭവനുകളുടെ പ്രവർത്തന ചിലവായി 15000/- രൂപ.
8. താൽപ്പര്യമുള്ള കേരഗ്രാമങ്ങൾക്ക് കേരാധിഷ്ഠിത മൂല്യവർദ്ധന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് SFAC മുഖാന്തിരം പരമാവധി 25 ലക്ഷം രൂപയുടെ പ്രോജക്ട് അധിഷ്ഠിതധനസഹായം.
9. 2018-2019 വർഷത്തെ കേര ഗ്രാമങ്ങൾക്കുള്ള 2-ാം വർഷസഹായം 20.0085 ലക്ഷം രൂപ.

**സെക്ഷൻ ഓഫീസർ**